പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1509 14/06/2013- ൽ മറുപടിക്ക്

**മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കാനുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി : | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന റിയിക്കാമോ; | (എ) 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മൃഗസംരക്ഷണ വകുപ്പു മുഖേന പ്രഖ്യാപിച്ചിട്ടുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഓരോന്നിനും നീക്കിവെച്ച തുക എത്ര വീതമായിരുന്നു എന്നറിയിക്കാമോ? | (ബി)<br>1.വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം.- 6.50 കോടി<br>2. കന്നുകുട്ടി പരിപാലന പദ്ധതി -25 കോടി<br>3. വീട്ടുപരിസരത്ത് കോഴിവളർത്തൽ വികസന പദ്ധതി - 10.42 കോടി<br>4. കേരളാ ഫീഡ്സിന്റെ കീഴിൽ മലബാർ മേഖലയിലും, ഇടുക്കി ജില്ലയിലും ഓരോ കാലീത്തീറ്റ ഫാക്ടറി - മലബാർ മേഖലയിലെ കാലിത്തീറ്റ ഫാക്ടറിക്ക് 4.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കാലീത്തീറ്റ ഫാക്ടറിക്ക് സ്ഥലം കൈമാറികിട്ടാത്തതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

NS